പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2071 — 17.12.2012 ൽ മറുപടിക്ക്

## അന്യസംസ്ഥാന തൊഴിലാളികളുടെ കുറ്റകൃത്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) കേരളത്തിലെത്തുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ കുറ്റവാളികളും തീവ്രവാദികളും നുഴഞ്ഞുകയറുന്നത് തടയുന്നതിനും, നിരോധിത പുകയില ഉല്പന്നങ്ങളും മയക്കുമരുന്നുകളും വിപണനം ചെയ്യുന്നത് തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) അന്യസംസ്ഥാന തൊഴിലാളികളുടെ മറവിൽ കുറ്റവാളികളും തീവ്രവാദികളും നുഴഞ്ഞുകയറാൻ സാധ്യതയുള്ളതിനാൽ ഇതു തടയുന്നതിന്റെ ഭാഗമായി പോലീസ് ഹെഡ്ക്വാർട്ടേഴ്സ് എക്സിക്യൂട്ടീവ് ഡയറക്ടീവ് 13/09 പ്രകാരം എല്ലാ പോലീസ് സ്റ്റേഷനുകളിലും അന്യസംസ്ഥാന തൊഴിലാളികളുടെ ഫോട്ടോയും വിരലടയാളവുമുള്ള വിശദവിവരങ്ങൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുന്നുണ്ട്. കൂടാതെ മറ്റ് കുറ്റകൃത്യങ്ങൾ തടയുന്നതിന് പോലീസ് ഇവരെ നിരീക്ഷിച്ചു വരുന്നുമുണ്ട്. |
| (ബി) ഇവരുടെ താമസസ്ഥലങ്ങൾ നിരീക്ഷിക്കുന്നതിനും നിയമാനുസൃതമായ തിരിച്ചറിയൽ രേഖയുടെ അടിസ്ഥാനത്തിൽ മാത്രം ഇവരെ താമസിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോ;<br>(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ? | (ബി)യും (സി)യും അന്യസംസ്ഥാന തൊഴിലാളികളുടെ താമസത്തിനായി തൊഴിലുടമ/കോൺട്രാക്ടർ ആവശ്യമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ എന്ന കാര്യം തൊഴിൽവകുപ്പ് പരിശോധിക്കുന്നുണ്ട്. താമസത്തിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കിയിട്ടില്ല. കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള മുൻകരുതൽ നടപടി എന്ന നിലയ്ക്ക് സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിലേയും ജില്ലാ സ്പെഷൽ ബ്രാഞ്ചിലേയും പോലീസ് ഉദ്യോഗസ്ഥർ അന്യസംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളും പണിസ്ഥലങ്ങളും നിരീക്ഷിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ